

എം. കവിത

# ചീരു കാക്കയും കണ്ണൻ മൂങ്ങയും

കിങ്ങിണിക്കാട്ടിലെ അരയാൽമരത്തിന്റെ മുകളിലായിരുന്നു ചീരു കാക്ക കൂടുകൂട്ടി താമസിച്ചിരുന്നത്. ചുള്ളിക്കമ്പുകളും ഉണക്കപ്പുല്ലുകളും കൂട്ടിച്ചേർത്ത് അവൾ ഉണ്ടാക്കിയ കൂടിന് എന്തു ഭംഗിയാണെന്നോ...! കൂട്ടിനകത്താണെങ്കിൽ പഞ്ഞിക്കഷ്ണങ്ങളും തൂവലും ഇളംപുല്ലുകളുംകൊണ്ട് മോടിപിടിപ്പിച്ചിട്ടുമുണ്ടായിരുന്നു.

ചീരു കൂടുവെച്ച അരയാൽമരത്തിൽ ഒരു പൊത്തുണ്ട്. ആ പൊത്തിലാണ് കണ്ണൻ മൂങ്ങയുടെ വാസം. പകൽ കണ്ണു കാണാൻ വയ്യാത്തതിനാൽ അരയാൽക്കൊമ്പിലോ മാളത്തിലോ അവൻ കൂനിക്കൂടിയിരിക്കും.

രാത്രിയാണ് കണ്ണന്റെ സഞ്ചാരം. മറ്റുള്ള പക്ഷിമൃഗാദികളെല്ലാം ഗാഢനിദ്രയിലാകുമ്പോൾ അവൻ അനായാസം സഞ്ചരിക്കും.

കിഴക്കു വെള്ളകീറാൻ തുടങ്ങുമ്പോഴേക്കും അവൻ തിരികെ മാളത്തിലെത്തുകയും ചെയ്യും.

ചീരുകാക്കക്ക് കണ്ണനെ എപ്പോഴും പുച്ഛമായിരുന്നു.

ഒരു ദിവസം പകൽ മരക്കൊമ്പിലിരി

ലോകബാങ്കിന്റെ ആസ്ഥാനം- വാഷിംഗ്ടൺ ഡി സി

ക്കുകയായിരുന്ന കണ്ണൻ, ഉറുമ്പുകടി സഹിക്കാതെ മറ്റൊരു കൊമ്പിലേക്കു പറന്നു. കണ്ണനുണ്ടോ പകൽ കണ്ണുകാണുന്നു. അവൻ ഒരു കൊമ്പിൽ തട്ടി നിലത്തുവീണു.

അതു കണ്ട ചീരു ഉച്ചത്തിൽ ആർത്തു ചിരിച്ചു.

"എടോ മുതുമുത്തച്ഛാ, പോയി ഒരു കണ്ണട വാങ്ങി വെക്കെടാ... കുരുടൻ വീണതു കണ്ടില്ലേ, ചക്ക വീഴും പോലെ...!

പാവം കണ്ണൻ!

അവനു സങ്കടം സഹിക്കാനായില്ല.

ദൈവം തനിക്കുമാത്രമെന്തിന് രാത്രിക്കാഴ്ച തന്നു?! മറ്റുള്ളവരെപ്പോലെ പകൽ കാഴ്ചയുണ്ടെങ്കിൽ എത്ര നന്നായിരുന്നു!

അങ്ങനെയിരിക്കേ, ചീരുകാക്ക മൂന്നു മുട്ടകളിട്ടു. മിനുസമുള്ള പുള്ളിക്കുത്തുകൾ നിറഞ്ഞ സുന്ദരൻ മുട്ടകൾ!

അവൾക്കെന്തു സന്തോഷമായെന്നോ...

അങ്ങനെ നാളുകൾ നീങ്ങവേ, മുട്ടകൾ മൂന്നും വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്നു. ഓമനത്തമുള്ള മൂന്നു കുഞ്ഞുങ്ങൾ. അവൾ അവർക്ക് താരാട്ടുപാടി, കൂട്ടത്തിൽ കണ്ണനെപ്പറ്റി കളിയാക്കിയുള്ള കഥകളും. അതോടെ കാക്കക്കുഞ്ഞുങ്ങളും കണ്ണനെ കളിയാക്കിത്തുടങ്ങി. കണ്ണൻ പക്ഷേ, അതിനൊന്നും മറുപടി കൊടുക്കാതെ മിണ്ടാതിരിക്കും.

ഒരു ദിവസം കുഞ്ഞുങ്ങൾക്ക് ആഹാരത്തിനു പോയ ചീരുവിന് കാട്ടിൽ വഴിതെറ്റി. നേരവും രാത്രിയായി. ആഹാരമില്ലാതെ തിരിച്ചു ചെല്ലുന്നതെങ്ങനെ? കുഞ്ഞുങ്ങൾ ബഹളംവെച്ച് കരയും.

വൈകാതെ കാട്ടിൽ ഇരുട്ടു പരന്നു. വഴിയറിയാതെ ചീരുവിന് കാട്ടിലൊരിടത്ത് കഴിച്ചുകൂട്ടേണ്ടിവന്നു.

കുഞ്ഞുങ്ങളാണെങ്കിൽ അമ്മ വരാഞ്ഞതിനാലും, വിശപ്പുമൂലവും ആർത്തലച്ചു കരഞ്ഞുകൊണ്ടിരുന്നു.

കണ്ണൻ അരയാൽക്കൊമ്പിൽ കാറ്റുകൊണ്ടിരിക്കുകയായിരുന്നു. അവൻ വെറുതെ ചീരുവിന്റെ കൂട്ടിലേക്കു നോക്കിയപ്പോൾ കണ്ട കാഴ്ച ഒരു മൂർഖൻ പാമ്പ് ചീരുവിന്റെ കൂടിനു നേരെ ഇഴഞ്ഞു പോകുന്നു!

ചീരുവിന്റെ കുഞ്ഞുങ്ങളുടെ ബഹളമാണ് മൂർഖനെ ആകർഷിച്ചതെന്ന് കണ്ണനുറപ്പായി. കാക്കക്കുഞ്ഞുങ്ങളാണ് മൂർഖന്റെ ലക്ഷ്യം. മൂർഖനെ കണ്ടപ്പോൾ കാക്കക്കുഞ്ഞുങ്ങൾ ഉച്ചത്തിൽ കരഞ്ഞു.

കണ്ണന് ആ കാഴ്ച കണ്ടപ്പോൾ ക്രൂരമായൊരാനന്ദം ഉണ്ടായി. തന്നെ ഒരുപാടുതവണ കളിയാക്കിയതല്ലേ ചീരു! കാക്കക്കുഞ്ഞുങ്ങളും തന്നെ വെറുതെ വിട്ടില്ല.

അങ്ങനെ വേണം. തന്നെ കളിയാക്കിയതിനു ദൈവം നൽകിയ ശിക്ഷയായിരിക്കും ഇതെന്ന് കണ്ണനു തോന്നി.

മൂർഖൻ കൂടിന് തൊട്ടുതൊട്ടില്ലായെന്ന മട്ടിലായി. ഏതുനിമിഷവും പാമ്പ് കാക്കക്കുഞ്ഞുങ്ങളെ വിഴുങ്ങാം....

പെട്ടെന്ന് കണ്ണന്റെ മനസ്സു മാറി.

എന്തായാലും സഹജീവികളല്ലേ..... ആപത്തിൽ പെടുന്നവരെ സഹായിക്കുന്നതുതന്നെയല്ലേ ഏറ്റവും നല്ലത്.

കാര്യം തന്നെ ഒത്തിരി കളിയാക്കിയവർ തന്നെയാണ്. എന്നാലും തന്റെ അയൽക്കാരിയല്ലേ... അവരെ രക്ഷിക്കുകയെന്നത് തന്റെ കടമയാണ്. കണ്ണനു തോന്നി.

അടുത്തനിമിഷം മിന്നൽപ്പിണരുപോലെ കണ്ണൻ പറന്നു ചെന്ന് മൂർഖന്റെ രണ്ടു കണ്ണും കൊത്തിപ്പൊട്ടിച്ചു. വേദന സഹിക്കവയ്യാതെ മൂർഖൻ നിലംപതിച്ചു.

അടുത്ത ദിവസം ചീരു തിരിച്ചു വന്നപ്പോൾ കുഞ്ഞുങ്ങൾ തലേന്നു രാത്രിയിലത്തെ സംഭവം വിവരിച്ചു. കണ്ണനാണ് തന്റെ കുഞ്ഞുങ്ങളെ മൂർഖൻ പാമ്പിൽനിന്ന് രക്ഷിച്ചതെന്നറിഞ്ഞപ്പോൾ ചീരുവിന് കുറ്റബോധവും ലജ്ജയും തോന്നി.

കുരുടനെന്നും കണ്ണുപൊട്ടനെന്നും പറഞ്ഞ് താൻ അപമാനിച്ച കണ്ണൻ ഇല്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു കുഞ്ഞുങ്ങളുടെ അവസ്ഥ...!

കഴിവല്ല, അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള സന്നദ്ധതയാണ് ഏറ്റവും നല്ലതെന്ന് ചീരുവിനു ബോധ്യമായി. അപ്പോൾതന്നെ അവൾ കണ്ണനോട് മാപ്പു പറഞ്ഞു. പിന്നീട് അവർ സ്നേഹത്തോടെ ജീവിച്ചു.

ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നത്– റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ